ഉത്തരം

(എ, ബി) രണ്ടു തെങ്ങുകൾക്കൊഴികെ മറ്റു വൃക്ഷങ്ങൾക്കു ചുവട്ടിൽ ബോർഡുകൾ വെച്ചിട്ടില്ല. മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പി. ജോർജ്ജും നട്ട രണ്ട് തെങ്ങുകളുടെ ചുവട്ടിൽ വെച്ചിട്ടുള്ള ബോർഡുകളിൽ അവരുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) നീക്കം ചെയ്യേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

വികലാംഗ ജീവനക്കാർക്ക് പെൻഷൻ

4 [1084] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നു വർഷം സർവീസുള്ള വികലാംഗ ജീവനക്കാർക്ക് മിനിമം പെൻഷൻ അനുവദിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 3 വർഷം സർവീസുള്ള വികലാംഗ ജീവനക്കാർക്ക് മിനിമം പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാരിൻെറ സജീവ പരിഗണനയിലാണ്.

(ബി) മൂന്നു വർഷമെങ്കിലും സർവീസുള്ള 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതോ അന്ധബധിരമൂക വിഭാഗങ്ങളിൽ പെടുന്നതോ ആയ വികലാംഗർക്ക് മിനിമം പെൻഷൻ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ബാധകമല്ല.

വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

5 [1085] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-നും 1993 ജൂലൈ മാസത്തിനും ഇടയ്ക്ക് ജോലി നോക്കിയിരുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് എത്ര പേരെ ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഇത്തരം നിയമനം നടത്തുന്നതിന് കാലതാമസമുണ്ടാകുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-1993-നും 31-7-1994-നും ഇടയ്ക്ക് സർവീസിലുണ്ടായിരുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാർ വകുപ്പുകളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്പെഷ്യൽ റിക്രൂട്ട്മെൻറ്

6 [1086] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ് വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തിയ വകുപ്പുകൾക്ക് എതിരായി എന്തു നടപടി സ്വീകരിച്ചു;

(സി) ഏതെല്ലാം വകുപ്പുകളാണ് വീഴ്ച വരുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) റിക്രൂട്ട്മെൻറ് വ്യവസ്ഥകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഏതെങ്കിലും വകുപ്പുകൾ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഈഴവ സമുദായത്തിലെ ലിസ്റ്റിൽ 'ഈഴുവ' 'ഇഴുവൻ' തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്താൻ നടപടി

7 [1087] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ 'ഇഴവ' 'ഈഴുവ' 'ഇഴുവൻ' തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നവർ യഥാർത്ഥത്തിൽ 'ഈഴവ' സമുദായക്കാരാണെന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 4-4-1995-ലെ മന്ത്രിസഭാ യോഗം കേരള സ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ പട്ടികയിലുള്ള ലിസ്റ് III-ൽ (ഒ.ബി.സി.) ''ഈഴവ''രോടൊപ്പം ''ഈഴുവൻ'' തുടങ്ങിയ വിഭാഗങ്ങളെ ബാക്കറിൽ ചേർത്ത് ലിസ്റ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly